# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2986 07.02.2018-ൽ മറുപടിക്ക്

### ജൂനിയർ എച്ച്.എസ്.എസ്.റ്റി. നിയമനം

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ ഏഴ് പിരീഡിൽ താഴെ പഠിപ്പിക്കുന്ന തസ്തികയിൽ ജൂനിയർ എച്ച്.എസ്.എസ്.റ്റി.മാരെ നിയമിക്കേണ്ടതില്ല എന്നും അവിടെ താത്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചാൽ മതിയെന്നും ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. നിലവിൽ ഹയർ സെക്കന്ററിയിൽ ഒരു പിരീഡിന്റെ ശരാശരി ദൈർഘ്യം 45 മിനിട്ടിൽ താഴെയാണ്. ആയത് അനുസരിച്ച് ആറ് പിരീഡുകൾക്ക് താഴെ തസ്തിക സൃഷ്ടിക്കുമ്പോൾ ഒരു അധ്യാപകന് പഠിപ്പിക്കേണ്ട സമയ ദൈർഘ്യം. ഒരു ദിവസം 54 മിനിട്ടുകൾ മാത്രമായിരിക്കും. അപ്രകാരമുള്ള തസ്തിക സൃഷ്ടിക്കൽ സർക്കാരിന് കനത്ത സാമ്പത്തിക ബാധ്യത വരുത്തുന്നതാണ്. |
| (ബി) | പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഇക്കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.